പെരിങ്ങോട്ടുകുറിശ്ശിയിലെ മയിൽസങ്കേതം ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി

67 (4008) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശിയിലെ മയിൽസങ്കേതം ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ഥലത്തെ ചൂളന്നൂർ മയിൽസങ്കേതം ഒരു സാങ്ച്വറിയായി പ്രഖ്യാപിക്കുന്ന കാര്യം വനംവകുപ്പ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവിടെ ഒരു ഇൻഫർമേഷൻ സെന്റർ ഇപ്പോൾത്തന്നെ നിലവിലുണ്ട്. സന്ദർശകർക്ക് അറിവ് പകർന്നുകൊടുക്കുന്നതിനും കൂടുതൽ സൗകര്യം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ അവിടെ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് ജില്ലയിൽ ഡി.ടി.പി.സി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

68 (4009) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) എന്തെങ്കിലും പുതിയ പ്രോജക്ടുകൾ ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഡി.ടി.പി.സി.-ക്ക് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുവേണ്ടി എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) തുഷാരഗിരിയുടെ വികസനം, ഇരിങ്ങൽ, കുഞ്ഞാലി മരയ്ക്കാർ സ്മാരകവികസനം എന്നീ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. കൂടാതെ ടൂറിസം ബോധവത്ക്കരണ പരിപാടികളും ടൂറിസം ക്ലബ്ബുകളുടെ രൂപീകരണവും നടത്തുന്നുണ്ട്.

(ബി) ഇരിങ്ങൽ രണ്ടാംഘട്ട വികസനത്തിനായുള്ള നിർദ്ദേശം ഡി.ടി.പി.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഡി.ടി.പി.സി.-കൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പദ്ധതികൾക്കായി വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 50, 56,500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly